# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ



## ഇ - ന്യൂസ് ലെറ്റർ

## ഡിസംബർ 2017











അമൃത് പദ്ധതിക്ക് കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന 14.12 കോടിയുടെ പദ്ധതിക്ക് കൌൺസിൽ അനുമതിയായി. മെഡിക്കൽ കോളേജിലെ ഭാവിയിലേതുൾപ്പെടെയുള്ള ദ്രവമാലിന്യ പ്രശ്നങ്ങൾക്ക് പദ്ധതി നടപ്പിലായാൽ ശാശ്വത പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു

## മിഠായിതെരുവ് നവീകരണ പദ്ധതി

മിഠായിതെരുവ് നവീകരണ പദ്ധതിയുടെ അവസാനഘട്ടപണികൾ പുരോഗമിക്കുകയാണ്.

പദ്ധതിയുടെ ഭാഗമായി എസ്.കെ.പ്രതിമയ്ക്ക് സമീപം 10 ബെഞ്ചുകൾ സ്ഥാപിക്കുന്നുണ്ട്. ഇതോടൊപ്പം ഗ്രാനൈറ്റിന്റെ വേറെ ഇരിപ്പിടങ്ങളുമുണ്ടാവും. പ്രതിമയോട് ചേർന്നുള്ള വേദിയിൽ കലാപരിപാടികൾ അവതരിപ്പിക്കുമ്പോൾ ആസ്വാദിക്കാനും കുടുംബവുമൊത്ത് വന്നിരിക്കാനുമുള്ള രീതിയിലാണ് ഇവിടെ ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്.

എസ്.കെ.പ്രതിമയ്ക്ക് സമീപം കലാപരിപാടികൾ നടത്താൻ ആംഫി തിയേറ്റർ മാതൃകയിൽ വേദിയും അലങ്കാര വിളക്കുകളും ഇരിപ്പിടങ്ങളുമൊരുക്കുന്നുണ്ട്. തെരുവിന്റെ രണ്ടറ്റങ്ങളിൽ മാത്രമാണ് മേൽക്കൂരയിൽ വിളക്കുകൾ സ്ഥാപിക്കുന്നത്. ബാക്കിയിടങ്ങളിൽ കടകളോട് ചേർന്ന് ലൈറ്റുകൾ വെയ്ക്കുകയാണ് ചെയ്യുന്നത്.

ഡിസംബർ അവസാനം തെരുവ് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും.

നവീകരിച്ച മിട്ടായിത്തെരുവിന്റെ ചിത്രങ്ങൾ









ബഹു മേയർ, എം എൽ എ, ജില്ലാ കളക്ടർ തുടങ്ങിയവർ തെരുവിന്റെ നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു